(സി) കെട്ടിടനിർമ്മാണം പോലുള്ള കാര്യങ്ങളിൽ സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരുടെ അഭാവം മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അടിയന്തിരമായി ഈ ഒഴിവുകൾ നികത്തുവാനും നിലവിൽ ഈ തസ്തികയിലല്ലാത്ത പഞ്ചായത്തുകളിൽ അവ അനുവദിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 6

(ബി) പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് മെമ്മോ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്.

(സി)&(ഡി) പഞ്ചായത്തുകളിൽ പണികളുടെ നടത്തിപ്പിനായി സാങ്കേതിക പരിജ്ഞാനമുള്ള സിവിൽ/ഡിപ്ലോമ എൻജിനീയർമാരെ അപ്രന്റീസായി നിയമിച്ചുവരുന്നുണ്ട്. മാത്രമല്ല. ഗ്രാമപഞ്ചായത്തുകളിൽ ഒരു എഞ്ചിനീയറിന്റേയോ, ഓവർസിയറുടേയോ അഭാവത്തിൽ ആ ഗ്രാമ പഞ്ചായത്ത് പ്രദേശം ഉൾപ്പെടുന്ന ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിലെ എൻജിനീയർ ആ പഞ്ചായത്തിലെ ജോലികൾക്ക് കൂടി മേൽനോട്ടം വഹിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ സാങ്കേതിക ജീവനക്കാരുടെ അഭാവം മൂലമുള്ള ബുദ്ധിമുട്ടുകൾ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്നില്ല.

122 (702) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ശമ്പള നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടി

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :

ശ്രീ. പി.കെ.കെ.ബാവ : താഴോക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ശമ്പളനിർണ്ണയത്തിൽ ശമ്പള കമ്മിഷൻ റിപ്പോർട്ടിൽ വന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പഞ്ചായത്ത് ഡയറക്ടകർ ഇക്കാര്യത്തിൽ ശുപാർശ നൽകിയിട്ടുണ്ടോ;

(ബി) ജൂനിയർ സൂപ്രണ്ടിന്റെ പ്രമോഷൻ തസ്തികയായ സെക്രട്ടറിയുടെ ശമ്പളസ്കെയിൽ നിലവിൽ എത്രയാണ്;

(സി) ഉയർന്ന തസ്തികയിലേക്കുള്ള പ്രൊമോഷനാണെന്നത് കണക്കിലെടുത്ത് ശമ്പള നിർണ്ണയത്തിൽ ഉള്ള അനോമലി പരിഹരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ നടപടികൾ ഏത് ഘട്ടം വരെയായി;

(ഇ) ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിമാരുടെ ശമ്പള നിർണയത്തിലെ ചില അപാകത പരിഹരിക്കുന്നതിനുള്ള ശുപാർശ പഞ്ചായത്ത് ഡയറക്ടർ നൽകിയിട്ടുണ്ട്.

(ബി) ജൂനിയർ സൂപ്രണ്ടിന്റെ പ്രൊമോഷൻ തസ്തികയായ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയുടെ നിലവിലുള്ള ശമ്പളസ്കെയിൽ 5500-9075 ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി)(ഡി)(ഇ) ഇക്കാര്യം ഇപ്പോൾ ധനകാര്യവകുപ്പിന്റെ പരിശോധനയിലാണ്.

123 (703) പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്താഫീസ് കെട്ടിടം തീപിടിച്ച് രേഖകൾ നശിച്ചത് സംബന്ധിച്ച്

ശ്രീ. എം.നാരായണൻ (കുഴൽമന്ദം): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്താഫീസ് കെട്ടിടം തീപിടിച്ച് രേഖകൾ നശിച്ചത് സംബന്ധിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഇക്കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തു നടത്തിക്കൊണ്ടിരിക്കുന്ന അന്വേഷണം ത്വരിതപ്പെടുത്തുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

124 (704) ഭൂമിയുടെ വില പുനർനിർണ്ണയം

ശ്രീ. എം.വി. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിനുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിയുടെ വില പുനർനിർണ്ണയം ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണ്ണൂർ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറിൽ നിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചശേഷം മേൽനടപടികൾ കൈക്കൊള്ളുന്നതാണ്.

125 (705) കുടുംബ പെൻഷൻ ലഭിക്കുന്നതിന് നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly